ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശമനുസരിച്ച് ഇന്നലെ വൈകിട്ട് നാലിന് സിവിൽ ഡിഫൻസ് സംഘടിപ്പിച്ച മോക്ഡ്രിൽ. നീണ്ട സൈറൺ മുഴങ്ങിയപ്പോൾ പൊതുസ്ഥലങ്ങളിൽ കൂടിച്ചേർന്നവരെ സുരക്ഷിതസ്ഥാനത്തേക്ക് ഉദ്യോഗസ്ഥർ തിടുക്കത്തിൽ നീക്കുകയും, വേണ്ട നിർദേശങ്ങളെല്ലാം വോളണ്ടിയർമാർ ഉച്ചഭാഷിണിയിലൂടെ നൽകുകയും ചെയ്തു. എറണാകുളം മറൈൻഡ്രൈവിൽ നിന്നുള്ള ദൃശ്യം. ■ മനു ഷെല്ലി

മോക്ഡ്രിൽ: ആദ്യം ആശങ്ക പിന്നീട് ആശ്വാസം

കൊച്ചി: വൈകുന്നേരം നാലുമണി, നഗരത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ സൈറൺ. മുഴങ്ങി. തുടർന്നു ചീറിപ്പാഞ്ഞെത്തുന്ന ആംബുലൻസുകൾ, ഫയർ എഞ്ചിൻ. രക്ഷാ പ്രവർത്തിന് സർവ്വ സജ്ജമായി അഗ്നിരക്ഷാ സേന ഉദ്യോഗസ്ഥർ, റാപ്പിഡ് റെസ്പോൺസ് ടീം, മെഡിക്കൽ ടീം, പോലീസ്, ജനപ്രതിനിധികൾ; ആദ്യം പൊതുജനങ്ങളിൽ ആശങ്കയും അമ്പരപ്പുമാണുണ്ടായത്. അടിയന്തര സാഹചര്യം നേരിടുന്നതിന് പര്യാപ്തരാക്കുന്ന മോക്ക് ഡ്രിൽ ആണെന്ന അനൗൺസ്മെന്റ് വന്നതോടെ ആശങ്ക ആശ്വാസത്തിന് വഴിമാറി. പൊതുജനങ്ങളും ബസ് കാത്തുനിന്നവരും മോക്ക് ഡ്രില്ലിന്റെ ഭാഗമായി, രക്ഷാ പ്രവർത്തനം ഊർജിതമായി. നഗരത്തിൽ മറൈൻ ഡ്രൈവ്, കാക്കനാട് കലക്ടറേറ്റ്, വിവിധ താലൂക്ക് കേന്ദ്രങ്ങൾ എന്നീ കേന്ദ്രങ്ങളിലായാണ് മോക്ക് ഡ്രിൽ സംഘടിപ്പിച്ചത്. ദുരന്ത ബാധിത പ്രദേശത്ത് രക്ഷാ പ്രവർത്തനം നടത്തി ദുരന്ത ബാധിതരെ ഷെൽട്ടർ ക്യാമ്പിലും, പരിക്കേറ്റവർക്ക് പ്രാഥമിക ചികിത്സ നൽകുന്നതും, ഗുരുതര പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റുന്നതും മോക്ക് ഡ്രില്ലിന്റെ ഭാഗമായിരുന്നു.

അടിയന്തര ഘട്ടങ്ങളെ നേരിടാൻ സജ്ജരായിരിക്കുകയെന്ന സന്ദേശം നൽകി ഫയർ ആന്റ് റസ്ക്യൂ, പോലീസ്, ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യം, വൈദ്യുതി എന്നീ വകുപ്പുകളുടെ സഹകരണത്തോടെയുമാണ് മോക്ക് ഡ്രിൽ സംഘടിപ്പിച്ചത്.

ആലുവ സർവമത സമ്മേളനത്തിന്റെ നൂറാം വാർഷികാഘോഷം

കോതമംഗലം: സുവർണരേഖയുടെ ആഭിമുഖ്യത്തിൽ ആലുവ സർവമത സമ്മേളനത്തിന്റെ നൂറാം വാർഷികം ആഘോഷിക്കും. തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ് റോഡിലെ തെക്കുംപുറം ഏദൻതോട്ടം ഹാളിൽ ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് മൂന്നിന് ചേരുന്ന സമ്മേളനത്തിൽ കാലടി എസ്. മുരളീധരൻ മുഖ്യ പ്രഭാഷണം നടത്തും. തുടർന്ന് ഡോ. ജേക്കബ് ജെ. അഞ്ചേരിൽ രചിച്ച ഇംഗ്ലീഷ് പുസ്തകം 'ആയുർവേദ ദി സയൻസ് ഒഫ് വെൽനസി'ന്റെ പ്രകാശനം ഡോ.വിജയൻ നങ്ങേലിൽ, പ്രൊഫ. ബേബി എം. വറുഗീസിന് പ്രഥമകോപ്പി നൽകി നിർവഹിക്കും. ഡോ.വിജയൻ നങ്ങേലിക്ക് സുവർണരേഖ പുരസ്കാരം സമ്മാനിക്കും. മാധ്യമ പ്രവർത്തകരായ ജോഷി അറയ്ക്കൽ, കെ.പി. കുര്യാക്കോസ് എന്നിവരെ ആദരിക്കും.ബാബു ഇരുമല അധ്യക്ഷത വഹിക്കും. ഡോ. ജേക്കബ് ഇട്ടൂപ്പ്, വിജയകുമാർ കളരിക്കൽ, അഡ്വ.സി. കെ. ജോർജ്, കെ.പി. സാജു, സ്റ്റീഫൻ സി. കോട്ടയ്ക്കൽ, മാർട്ടിൻ കീഴേമാടൻ, എം.കെ. മത്തായി, പി.എൻ. ഗോപാലകൃഷ്ണൻ തുടങ്ങിയവർ സംസാരിക്കും.

ഇടമലയാർ, ഭൂതത്താൻകെട്ട് ഡാമുകളിൽ പൊലീസ് പരിശോധന

കോതമംഗലം: രാജ്യത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഡാമുകളുടെ സുരക്ഷാ സംവിധാനം വർധിപ്പിക്കുന്നതിന് മുന്നോടിയായി പരിശോധനയ്ക്ക് പൊലീസ് സംഘം എത്തി. ഇടമലയാർ, ഭൂതത്താൻകെട്ട് ഡാം മേഖലയിലാണ് പരിശോധന നടത്തിയത്. ആലുവ സ്പെഷൽ ബ്രാഞ്ച് ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള സംഘമാണ് സ്ഥലത്തെത്തിയത്.പൊലീസ് രാത്രികാല പട്രോളിംഗ് ഏർപ്പെടുത്തി. ഇടമലയാർ ഡാം പരിസരവും പവർഹൗസും സന്ദർശിച്ച സംഘം നിലവിലെ സുരക്ഷാ സംവിധാനം വിലയിരുത്തി.

സിസിടിവി കാമറയുടെ കാര്യക്ഷമതയും പരിശോധിച്ചു. ഇടമലയാറിൽ നിലവിൽ പരിശോധനയും സുരക്ഷയും നോക്കുന്നത് കെഎസ്ഇബി നിയോഗിച്ചിരിക്കുന്ന സെക്യൂരിറ്റി ഗാർഡുകളാണ്.വരും ദിവസങ്ങളിൽ ഇതിന് പുറമെ പൊലീസ് ഗാർഡുകളെ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന കാര്യവും ബന്ധപ്പെട്ടവരെ അറിയിച്ചു. ഭൂതത്താൻകെട്ടിൽ ഡാം പരിസരത്തിന് പുറമെ ബോട്ട് ജെട്ടി, വാഹനങ്ങൾ, ബോട്ട് സർവീസ് നടത്തുന്ന പെരിയാർ പരിസരവും നിരീക്ഷണത്തിലാക്കും.

പിറവം പാലച്ചുവട് പെരിങ്ങാമല ബാലശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ നടന്ന രുക്മിണീ സ്വയംവര ഘോഷയാത്ര.

പെരിങ്ങാമല ബാലശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ രുക്മിണീസ്വയംവരം

പിറവം: പാലച്ചുവട് പെരിങ്ങാമല ബാല ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ പ്രതിഷ്ഠാദിന ഉത്സത്തിന്റെ ഭാഗമായി നടക്കുന്ന ഭാഗവത സപ്താഹ യജ്ഞവേദിയിൽ രുക്മിണീസ്വയംവരം നടന്നു. താലപ്പൊലിയുടെ അകമ്പടിയോടെ ക്ഷേത്രത്തിന് പ്രദക്ഷിണം വെച്ച് എഴുന്നള്ളിച്ച വിഗ്രഹം യജ്ഞ വേദിയിൽ ശ്രീകൃഷ്ണ വിഗ്രഹത്തിനുസമീപം പ്രതിഷ്ഠിച്ചശേഷം യജ്ഞാചാര്യ മിനി മോഹൻ സ്വയംവരഭാഗങ്ങൾ വായിച്ചു സമർപ്പിച്ചു. സുജാ രാജൻ പാരായണം നടത്തി. നീലകണ്ഠശർമ യജ്ഞവേദിയിലെ പൂജകൾ നിർവഹിച്ചു. ഇന്ന് രാവിലെ ക്ഷേത്രത്തിൽ മത്സ്യാവതാരം ചന്ദനം ചാർത്ത് നടക്കും. രാവിലെ 7 മുതൽ ദർശനത്തിന് സൗകര്യമുണ്ട്. 11ന് അവഭൃഥ സ്നാനം, പ്രസാദ ഊട്ട് എന്നിവയോടെ യജ്ഞം സമാപിക്കും. വൈകീട്ട് കൈകൊട്ടിക്കളി, കൊച്ചിൻ ശ്രുതിലയയുടെ ഭക്തി ഗാനസുധ. നാളെ രാവിലെ നാരായണീയ പാരായണം, വൈകീട്ട് കൈകൊട്ടിക്കളി, ഭക്തിഗാന സദസ്സ്. പ്രതിഷ്ഠാദിനമായ 10ന് രാവിലെ 8-ന് ശീവേലി, 10ന് ക്ഷേത്രം തന്ത്രി മനയത്താറ്റ് അനിൽ ദിവാകരൻ നമ്പൂതിരിയുടെ കാർമികത്വത്തിൽ വിശേഷാൽ പൂജകൾ, കലശാഭിഷേകം, കളഭാഭിഷേകം 10 ന് ഉച്ചപ്പൂജ എന്നിവ നടക്കും.

മുക്കന്നൂർ പാറമട സ്ഫോടനം: നഷ്ടപരിഹാരം നൽകാൻ വൈകരുത്

അങ്കമാലി: മൂക്കന്നൂർ പഞ്ചായത്തിലെ മഞ്ഞിക്കാട് പുപ്പിള്ളിക്കുന്നിലെ പാറമടയിൽ നടന്ന ഉഗ്രസ്ഫോടനത്തിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം എത്രയും വേഗം വിതരണം ചെയ്യണമെന്ന് ആലുവ താലൂക്ക് വികസന സമിതി യോഗം ആവശ്യപ്പെട്ടു. വിവിധ കേസുകളിൽ പൊലീസ് പിടിച്ചെടുത്ത സ്ഫോടക വസ്തുക്കൾ നിർവീര്യമാക്കുന്നതിനിടയിലാണ് ഉഗ്രസ്ഫോടനമുണ്ടായത്.

പാറമടയ്ക്ക് 5 കിലോമീറ്റർ ചുറ്റളവിൽ സ്ഫോടനത്തിന്റെ പ്രകമ്പനമുണ്ടായി. മൂക്കന്നൂർ, തുറവൂർ, അയ്യമ്പുഴ പഞ്ചായത്തുകളിലെ നൂറ്റമ്പതോളം വീടുകൾക്ക് നാശനഷ്ടമുണ്ടായി. വീടുകളുടെ അടിത്തറയ്ക്കും മേൽക്കൂരയ്ക്കും ഭിത്തികൾക്കും വിള്ളൽ സംഭവിച്ചു.

പൊലിസിന്റെ ബോംബ് ഡിറ്റക്ഷൻ ഡിസപോസൽ സ്ക്വാഡിന്റെ നേതൃത്വത്തിൽ സ്ഫോടകവസ്തുക്കൾ നിർവ്വീര്യമാക്കുമ്പോഴായിരുന്നു സ്ഫോടനം. രാവിലെ 10 മണിക്ക് യാതൊരു മുന്നറിയിപ്പുമില്ലാതെ കുറേശ്ശേയായി പൊട്ടിക്കേണ്ട സ്ഫോടക വസ്തുക്കൾ ഒന്നിച്ച് പൊട്ടിച്ചത് മൂലമാണ് സ്ഫോടനമുണ്ടായത്. വിവരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളോയോ ജനപ്രതിനിധികളേയോ അറിയിച്ചിരുന്നില്ല. സ്ഫോടനത്തിന് ഉത്തരവാദികളാവർക്കെതിരേ ശിക്ഷനടപടികൾ സ്വീകരിക്കണമെന്നും നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇനിയും വൈകിക്കരുതെന്നും താലൂക്ക് വികസനസമിതിയോഗം ആവശ്യപ്പെട്ടു. ചെങ്ങമനാട് പഞ്ചായത്ത് പ്രസിഡന്റ് ജയ മുരളീധരൻ, കീഴ്മാട് പഞ്ചായത്ത് പ്രസിഡന്റ് സതി ലാലു, ഭൂരേഖാ തഹസിൽദാർ വി. വി. ജയേഷ്, വിവിധ കക്ഷിനേതാക്കളായ എ. ഷംസുദ്ധീൻ, പ്രിൻസ് വെള്ളറയ്ക്കൽ സംസാരിച്ചു.

വൈറ്റിലയിലെ ഗതാഗത കുരുക്കിന് പരിഹാരം കാണും: മന്ത്രി കെ.ബി. ഗണേഷ് കുമാർ

കൊച്ചി: വൈറ്റിലയിലെ ഗതാഗത കുരുക്കിന് ഉടനടി പരിഹാരം കാണുമെന്ന് ഗതാഗത മന്ത്രി ബി ഗണേഷ് കുമാർ പറഞ്ഞു. അതിനായി ആദ്യ ഘട്ടത്തിൽ കടവന്ത്ര മുതൽ പാലാരിവട്ടം വരെ ഉള്ള ഭാഗത്തേയ്ക്ക് ഉള്ള തിരക്ക് ഒഴിവാകുന്നതിനായി ഇടപ്പള്ളി ഭാഗത്തേയ്ക്ക് ഫ്രീ ലെഫ്റ്റ് സംവിധാനം ഉണ്ടാകും.

തൃപ്പൂണിത്തുറ മുതൽ വൈറ്റില വരെയുള്ള ഗതാഗത തടസത്തിന് പരിഹാരമായി സിംഗിൾ ലൈൻ സംവിധാനം ഒരുക്കും.

രണ്ടാം ഘട്ടത്തിൽ വൈറ്റില ഹബ്ബ് ഭാഗത്ത് ഫ്രീ ലെഫ്റ്റ് സംവിധാനം കൊണ്ടുവരും. ഹെവി വാഹനങ്ങൾ അതിലൂടെ കടന്നു പോകണം.

ഗതാഗത കുരുക്ക് ഒഴിവാകുന്നതിനായി ഡിവിടെറുകൾ സ്ഥാപിക്കും. പ്രൈവറ്റ് ബസുകാരുടെ മത്സര ഓട്ടം അവസാനിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രൈവറ്റ് ബസുകൾ ഓടുന്നത് പത്ത് മിനിറ്റ് അകലം പാലിച്ച് ആകുമെന്നും വൈറ്റില ട്രാഫിക് സൈറ്റ് സന്ദർശിച്ച ശേഷം മന്ത്രി പറഞ്ഞു.

ലൈഫ് വീടുകളുടെ താക്കോൽദാനം നാളെ

പറവൂർ: ചിറ്റാറ്റുകര പഞ്ചായത്തിൽ ലൈഫ് ഭവന നിർമാണ പദ്ധതിയിൽ വീട് പണി പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് നാളെ താക്കോൽ കൈമാറും. പകൽ 10ന് മുനമ്പം കവലയിലുള്ള സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ മന്ത്രി എം. ബി. രാജേഷ് ഉദ്ഘാടനം ചെയ്യും. പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ അധ്യക്ഷനാകും.

പോത്താനിക്കാട് പുളിന്താനത്ത് ഡെങ്കിപ്പനി സ്ഥരീകരിച്ചു

കോതമംഗലം: പോത്താനിക്കാട്, പുളിന്താനത്ത് പനി പടരുന്നു. പത്തിലധികം പേർ പനി ബാധിച്ചു വിവിധ ആശുപത്രികളിൽ ചികിത്സയിലുണ്ട്. ഇതിൽ 4 പേർക്ക് ഡെങ്കിപ്പനി സ്ഥരീകരിച്ചു. പഞ്ചായത്തിലെ ആരോഗ്യ വിഭാഗം പ്രദേശത്തെ വീടുകളിൽ പ്രതിരോധ പ്രവർത്തനം തുടങ്ങി. കൊതുക് വ്യാപനം തടയാൻ റബർത്തോട്ടങ്ങളിൽ ചിരട്ടകളിലെ വെള്ളം നീക്കം ചെയ്യുന്നുണ്ട്. കൊതുക് നശീകരണത്തിന് ഇന്നു ഫോഗിങ് നടത്തും.

വിദ്യാർഥികൾക്ക് സൗജന്യ ഓൺലൈൻ ഓറിയന്റേഷൻ

ചങ്ങനാശേരി: സെന്റ് ബർക്കുമൻസ് കോളെജിൽ ബിഎ ഇംഗ്ലീഷ് (ഓണേഴ്സ്) പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കായി സൗജന്യ ഓൺലൈൻ ഓറിയന്റേഷൻ പരിപാടി സംഘടിപ്പിക്കും. വിദ്യാർഥികൾക്ക് അവരുടെ അക്കാദമിക ഭാവിയെക്കുറിച്ച് വ്യക്തത നേടുന്നതിനും കേരളത്തിലെ പ്രമുഖ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നിലെ ഇംഗ്ലീഷ് വിഭാഗവുമായി ബന്ധപ്പെടുന്നതിനുമുള്ള മികച്ച അവസരമാണിത്. കോളെജ് തലത്തിലേക്കുള്ള അക്കാദമിക പരിവർത്തനം സുഗമമാക്കുക എന്നതിനൊപ്പം വിവിധ കരിയർ സാധ്യതകളെയും ബിരുദാനന്തര പഠനാവസരങ്ങളെയും പരിചിതമാക്കുകയും ചെയ്യുക എന്നതാണ് ഈ സെഷന്റെ ലക്ഷ്യം. 15 ന് രാവിലെ 10 മണിക്ക് ഓൺലൈൻ പ്ലാറ്റ്ഫോം വഴി സെഷൻ നടക്കും, കൂടാതെ ബിഎ (ഓണേഴ്സ്) പ്രോഗ്രാമിന്റെ ഘടനയെയും വ്യാപ്തിയെയും കുറിച്ചുള്ള ചർച്ചകൾ ഉണ്ടായിരിക്കും.രജിസ്ട്രേഷൻ സൗജന്യമാണ്. താൽപ്പര്യമുള്ള വിദ്യാർഥികൾ https://shorturl.at/dzq02 എന്ന ഗൂഗിൾ ഫോം ലിങ്ക് വഴി രജിസ്റ്റർ ചെയ്യുക.

കോതമംഗലം താലൂക്ക് ഹോസ്പിറ്റലിൽ ഓപ്പറേഷൻ തിയേറ്ററും, ലേബർ റൂം കഴിഞ്ഞ 4 മാസമായി തുറന്നു പ്രവർത്തിക്കാത്തതിൽ പ്രതിഷേധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ് കോതമംഗലം മണ്ഡലം കമ്മിറ്റി താലൂക്ക് ഹോസ്പിറ്റലിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചും ധർണയും.

മദ്യപിച്ച ശേഷം ആളുമാറി പൊലീസ് ഉദ്യോഗസ്ഥന് നേരെ ആക്രമണം; യുവാവിനെതിരേ കേസ്

ഇടുക്കി: ഇടുക്കി തൊടുപുഴയിൽ ബാറിൽ ആളുമാറി പൊലീസ് ഉദ്യോഗസ്ഥന് നേരെ മദ്യപന്റെ ആക്രമണം. പുറപ്പുഴ സ്വദേശി രജീഷ് രാജനാണ് ആക്രമണം നടത്തിയത്. തലക്ക് പരിക്കേറ്റ മ്രാല സ്വദേശി സുനിൽ എന്ന പൊലീസ് ഉദ്യോഗസ്ഥൻ ചികിത്സയിലാണ്. ആക്രമിക്കെതിരെ പൊലീസ് വധശ്രമത്തിലെ കേസെടുത്തു. തൊടുപുഴ നഗരത്തിലെ ജെമിനി ബാറിൽ ഞായറാഴ്ച രാത്രിയാണ് സംഭവം. പ്രതിയായ പുറപ്പുഴ സ്വദേശി രജീഷ് രാജന്, ബാറിലെ ഒരു ജീവനക്കാരനുമായി മുൻ വൈരാഗ്യം ഉണ്ടായിരുന്നു. ഞായറാഴ്ച ബാറിൽ എത്തിയ രജീഷ് മദ്യപിച്ച ശേഷം ഈ ജീവനക്കാരനോട് വാക്ക് തർക്കത്തിൽ ഏർപ്പെട്ടു. ബിയർ കുപ്പിയുമായി ആക്രമിക്കാൻ ശ്രമിക്കുന്ന രജീഷിനെ മറ്റൊരു ജീവനക്കാരൻ പിടിച്ച് മറ്റുന്ന ദൃശ്യങ്ങളും സിസിടിവി ക്യാമറയിൽ വ്യക്തമാണ്. ഇതിനിടെയാണ് സുഹൃത്തുക്കളെ കാണാൻ എത്തിയ പൊലീസ് ഉദ്യോഗസ്ഥൻ സുനിലിനെ ആക്രമിക്കുന്നത്. ഇദ്ദേഹത്തിനും ബാറിലെ ജീവനക്കാരനും കാഴ്ചയിൽ ചില സാമ്യങ്ങൾ ഉണ്ടായിരുന്നു. രജീഷ് നേരത്തെ ബിയർ കുപ്പി ഉപയോഗിച്ച് സുനിലിന്റെ തലയ്ക്കടിച്ച് പരിക്കേൽപ്പിച്ചു.

സമീപത്തുണ്ടായിരുന്ന മറ്റു ചില കുപ്പികളും സുനിലിന്റെ ദേഹത്തേക്ക് എറിഞ്ഞു. രജീഷിന് വൈരാഗ്യമുള്ള ബാറിലെ ജീവനക്കാരനായ വ്യക്തിയാണ് സുനിൽ എന്ന് തെറ്റിദ്ധരിച്ചാണ് മർദ്ദനം നടത്തിയത് എന്ന് മൊഴി നൽകിയിട്ടുണ്ട്. വധശ്രമം, മാരകമായി പരിക്കേൽപ്പിക്കൽ തുടങ്ങിയ വകുപ്പുകൾ ചുമത്തി കേസെടുത്ത രജീഷിനെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

മഹാത്മാഗാന്ധി കുടുംബ സംഗമം അങ്കമാലി ബ്ലോക്ക്തല ഉദ്ഘാടനം നായത്തോട് 18ാം വാർഡിൽ ബെന്നി ബെഹനാൻ എംപി ഉദ്ഘാടനം ചെയ്യുന്നു.

മഹാത്മാഗാന്ധി കുടുംബ സംഗമം

അങ്കമാലി: മഹാത്മാഗാന്ധി കുടുംബ സംഗമം ബ്ലോക്ക് തല ഉദ്ഘാടനം നായത്തോട് 18-ാം വാർഡിൽ നടത്തി. കുടുംബ സംഗമം ബെന്നി ബെഹനാൻ എംപി ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്ന് ആന്റുമാവേലി അധ്യക്ഷത വഹിച്ചു. മാത്യു കുഴൽനാടൻ എംഎൽഎ മുഖ്യപ്രഭാഷണം നടത്തി എഐസിസി സെക്രട്ടറിയും എംഎൽഎയുമായ റോജി എം. ജോൺ, കെപിസിസി എക്സിക്യൂട്ടീവ് അംഗവും മുൻ എംഎൽഎയുമായ പി.ജെ. ജോയി, നഗരസഭാ ചെയർമാൻ അഡ്വ. ഷിയോ പോൾ, ഡിസിസി സെക്രട്ടറിമാരായ പി.വി. ജോസ്, മാത്യു തോമസ്, കെ.പി ബേബി, എസ്.ബി. ചന്ദ്രശേഖരവാര്യർ, പി.വി. സജീവൻ, ഷൈജോ പറമ്പി, യു.ഡി.എഫ് കൺവിനർ ടി.എം.വർഗ്ഗീസ്, മുൻ ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡന്റ് അഡ്വ. കെ.എസ്. ഷാജി, വാർഡ് പ്രസിഡന്റ് ഡെൻസി ജോണി സംസാരിച്ചു.

സിപിഐ കോതമംഗലം മണ്ഡലം സമ്മേളനം നാളെ ആരംഭിക്കും

കോതമംഗലം: സിപിഐ കോതമംഗലം മണ്ഡലം സമ്മേളനം വെള്ളി, ശനി തീയതികളിൽ നേര്യമംഗലം നിള ഓഡിറ്റോറിയത്തിൽ (സഖാവ് പി.രാജു നഗർ) നടത്തും. വെള്ളിയാഴ്ച രാവിലെ 9 മണിക്ക് പതാക ഉയർത്തൽ, തുടർന്ന് സി പി ഐ ദേശീയ എക്സിക്യൂട്ടീവ് അംഗം അഡ്വ. പി.സന്തോഷ് കുമാർ എം.പി ഉദ്ഘാടനം ചെയ്യും.

സംഘാടക സമിതി ചെയർമാൻ പി. എം. ശിവൻ സ്വാഗതം പറയും. സിപിഐ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം കമല സദാനന്ദൻ,സംസ്ഥാന എക്സിക്യൂട്ടീവ് അംഗം കെ. കെ. അഷറഫ്, സംസ്ഥാന കൗൺസിൽ അംഗം എൻ. അരുൺ, സംസ്ഥാന കൗൺസിൽ അംഗം റ്റി. രഘുവരൻ എന്നിവർ പ്രസംഗിക്കും.

മണ്ഡലം സെക്രട്ടറി പി. റ്റി. ബെന്നി റിപ്പോർട്ട് അവതരിപ്പിക്കും.സമ്മേളനത്തിന്റെ തുടർച്ച ശനിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിക്കും. മണ്ഡലം കമ്മിറ്റി തെരഞ്ഞെടുപ്പ്, ജില്ലാ സമ്മേളന പ്രതിനിധി തെരഞ്ഞെടുപ്പ് എന്നിവ നടക്കും. സി പി ഐ ജില്ലാ സെക്രട്ടറി കെ.എം. ദിനകരൻ , സംസ്ഥാന കൗൺസിൽ അംഗം ഇ. കെ . ശിവൻ സംസ്ഥാന കൗൺസിൽ അംഗം പി.കെ. രാജേഷ്, ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി ശാന്തമ്മ പയസ് എന്നിവർ പ്രസംഗിക്കും. നേര്യമംഗലം ലോക്കൽ സെക്രട്ടറി സിറിൻ ദാസ് നന്ദിയും പറയും.

സി പി ഐ 25-ാം പാർട്ടി കോൺഗ്രസിനു മുന്നോടിയായി കോതമംഗലം മണ്ഡലത്തിലെ ബ്രാഞ്ച് സമ്മേളനങ്ങളും ലോക്കൽ സമ്മേളനങ്ങളും പൂർത്തീകരിച്ചാണ് മണ്ഡലം സമ്മേളനം നടത്തുന്നത്.

കോട്ടയം കറുകച്ചാലിൽ വാഹനാപകടത്തിൽ യുവതി മരിച്ച സംഭവം കൊലപാതകം

കോട്ടയം കറുകച്ചാലിൽ വാഹനാപകടത്തിൽ യുവതി മരിച്ച സംഭവം കൊലപാതകമെന്ന് സംശയം. യുവതിയെ മുൻ സുഹൃത്ത് മനഃപ്പൂർവ്വം കാറിടിപ്പിച്ചതാണെന്നാണ് പൊലീസ് നിഗമനം. ചങ്ങനാശ്ശേരിയിലെ ടെക്സ്റ്റൈൽ ഷോപ്പിലെ ജീവനക്കാരിയായ കൂത്രപ്പള്ളി സ്വദേശി നീതു നായരാണ് മരിച്ചത്. യുവതിയുടെ മുൻ സുഹൃത്ത് അൻഷാദിനെ പൊലീസ് കസ്റ്റഡിയിലെടുത്തു.ചൊവ്വാഴ്ച രാവിലെ കറുകച്ചാൽ വെട്ടുകല്ലിന് സമീപത്ത് വെച്ചാണ് നീതുവിനെ വാഹനം ഇടിച്ചത്. കഴിഞ്ഞ കുറച്ചു നാളുകളായി ഭർത്താവുമായി അകന്നു കഴിയുകയായിരുന്നു നീതു. നീതുവിന്റെ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും മൊഴിയുടെ അടിസ്ഥാനത്തിലാണ് പൊലീസ് അൻഷാദിലേക്ക് എത്തിയത്. അൻഷാദിനെ വിശദമായി ചോദ്യം ചെയ്തുവരികയാണ് പൊലീസ്.

നോട്ടീസ്

ജിയോ വിപിഎഫ് ഫിനാൻസ് ലിമിറ്റഡിന്റെ, ബോർഡ് നമ്പർ സിസി 58/3158, അഡിയാട്ടിൽ ബിൽഡിംഗ്, 3/2ലേൽ, തേവര, എറണാകുളം, - 682015 എന്ന വിലാസത്തിലുള്ള ബ്രാഞ്ച് ഓഫീസ് പ്രവർത്തനം നിർത്തുകയാണ് . പൊതുജനങ്ങൾക്കും ബന്ധപ്പെട്ടവർക്കും ഇതിനാൽ അറിയിച്ച് നൽകുന്നു. കമ്പനിയുടെ നിലവിലുള്ള പ്രവർത്തനം പുനഃസംഘടനയുടെ ഭാഗമായാണ് ഈ ബ്രാഞ്ച് പ്രവർത്തനം നിർത്താൻ തീരുമാനിച്ചത് മുകളിൽ സൂചിപ്പിച്ച ബ്രാഞ്ചുമായി ബന്ധപ്പെട്ട എല്ലാ ഉപഭോക്താക്കളെയും പങ്കാളികളെയും ഉപഭോക്തൃ സേവനം ഉൾക്കൊള്ളുന്ന എല്ലാ പ്രവർത്തനങ്ങളും ഈ സ്ഥലത്ത് നിർത്തലാക്കുമെന്ന് ഇതിനാൽ അറിയിക്കുന്നു. എന്തെങ്കിലും സഹായത്തിനായി ഏറ്റവും അടുത്തുള്ള ബ്രാഞ്ച് ആയ, നമ്പർ 11/3172 എ, റോയൽ വേൾ, പ്രാദി ഇൻഫോ. റോഡുപടി, കൊച്ചി, എറണാകുളം- 682005 എന്ന വിലാസത്തിൽ ഉള്ള ബ്രാഞ്ചുമായി ബന്ധപ്പെടാൻ ഉപഭോക്താക്കളോട് അഭ്യർത്ഥിക്കുന്നു.

ജിയോ വിപിഎഫ് ഫിനാൻസ് ലിമിറ്റഡ്
മാനേജിങ് ഡയറക്ടർ

ജെഎം ഫിനാൻഷ്യൽ അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡ് JM FINANCIAL

സിഐഎൻ: U67190MH2007PLC174287, രജിസ്ട്രേഡ് ഓഫീസ്: ഏഴാം നില, സിനർജി, ആപ്പാനാഹെബ് മറാത്തേ മാർഗ്, പ്രഭാദേവി, മുംബൈ- 400 025, അംഗീകൃത ഓഫീസർ: വൈഭവ് ഷെട്ടി
ഇമെയിൽ: gaurav.kumar@jmfl.com, vaibhav.shetty@jmfl.com
ടെലിഫോൺ: (+91 9820387460, +022 6224) വെബ്സൈറ്റ്: www.jmfinancialarc.com

സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ലേല നോട്ടീസ്
[2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസിലെ പ്രൊവിസോ റൂൾ 8(6) റഫർ ചെയ്യുക]

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റിലെ ("സർഫേസി ആക്റ്റ്") & 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസിലെ പ്രൊവിസോ റൂൾ 8 (6) ചേർത്തതു വായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്

താഴെപ്പറയുന്ന സ്ഥാവര വസ്തുക്കൾ ജെഎം ഫിനാൻഷ്യൽ അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനി ലിമിറ്റഡിന് ("സെക്യൂരിഡ് ക്രെഡിറ്റർ") ജെഎംഎഫ്എആർസി ഫെഡറൽ ബാങ്ക് മാർച്ച് 2013 ട്രസ്റ്റിന്റെ ട്രസ്റ്റി എന്ന നിലയിൽ പ്രവർത്തിക്കുന്നത്, ജാമ്യം നൽകിയിരിക്കുന്നതും/ ചാർജ് ചെയ്തിരിക്കുന്നതുമാണ്. പ്രസ്തുത വസ്തുക്കളുടെ പിസിക്കൽ പൊസസ്സഷൻ സെക്യൂരിഡ് ക്രെഡിറ്ററുടെ അംഗീകൃത ഓഫീസർ ഏറ്റെടുത്തിട്ടുള്ളതാ